**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6023** **09-07-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ബാംബൂ വ്യവസായ സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ നാദാപുരം മണ്ഡലത്തിലെ വളയം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് 2011 ൽ നല്ലളത്ത് ബാംബൂ ഫ്ളോറിങ് ടൈൽ നിർമ്മാണ യൂണിറ്റ് ആരംഭിച്ചത്.<br><br>ഹൈടെക് ബാബൂ ഫ്ളോറിങ് ടൈൽ ഫാക്ടറി പ്രവർത്തനം ആരംഭിച്ചതോടൊപ്പം നാദാപുരം ഫീഡർ യൂണിറ്റും പ്രവർത്തനം ആരംഭിച്ചു. ഹൈടെക് ബാംബൂ ഫ്ളോറിങ് ടൈൽ ഫാക്ടറി, മുളയിൽ നിന്നും തറയോട്ടുകൾ നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടു കൂടി ആരംഭിച്ച സംരംഭമാണ്. ബാംബൂ ഫ്ളോറിങ് ടൈൽ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ആദ്യ ഘട്ട സംസ്കരണം വഴി സ്ട്രിപ്പ് നിർമ്മിക്കുക എന്നതായിരുന്നു നാദാപുരം ഉൾപ്പെടെയുള്ള ഫീഡർ യൂണിറ്റുകളുടെ ഉദ്ദേശം. ചൈനയിലും തയ്‌വാനിലും മറ്റും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള അനേകം യൂണിറ്റുകളുണ്ട് എന്നതിനാൽ അവർ ഉപയോഗിക്കുന്ന മെഷീനറികൾ തയ്‌വാനിൽ നിന്നും ഇറക്കുമതി ചെയ്താണ് യൂണിറ്റ് സജ്ജീകരിച്ചത്. കേരളത്തിലെ വിവിധ വനമേഖലകളിൽ ലഭ്യമാകുന്ന കല്ലൻ മുളയാണ് ഫാക്ടറിക്ക് അസംസ്കൃത വസ്തുവായി ലഭിക്കുന്നത്. എന്നാൽ കല്ലൻ മുള യൂണിറ്റിലെ മെഷീനറികൾ ഉപയോഗിച്ച് പ്രോസസ്സ് ചെയ്യുമ്പോൾ ഏകദേശം 40% മാത്രമേ ഉപയോഗപ്രദമാവുകയുള്ളുവെന്നും ചൈനീസ് മുളകളെ അപേക്ഷിച്ച് കേരളത്തിലെ മുളകൾക്ക് കട്ടപ്പം കൂടുതലായതിനാൽ മെഷീനറിക്ക് കേടുപാടുകൾ സംഭവിക്കു ന്നതായും കാണുന്നു. അസംസ്കൃത മുളയുടെ 60% പാഴാകുന്നതിനാൽ ഫ്ളോറിങ് ടൈൽ നിർമ്മാണം പരാജയമായി മാറുകയാണു ണ്ടായത്. പ്രസ്തുത കാരണത്താൽ ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കോർപ്പറേഷൻ നിർബന്ധിതമായി. |

| | | | |
|---|---|---|---|
| | | | നല്ലളം യൂണിറ്റിന്റെ പ്രവർത്തനം നിലച്ചതോട്ടു കൂടി നാദാപുരം ഫീഡർ യൂണിറ്റിന്റെ പ്രവർത്തനവും നിലച്ചു. എന്നിരുന്നാലും കോർപ്പറേഷൻ കയർ ഭൂവസ്ത്രം ഉറപ്പിക്കുന്നതിനുള്ള മുളയാണികളുടെ ഓർഡർ കണ്ണൂർ, കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, നാദാപുരം ഫീഡർ യൂണിറ്റിലും നല്ലളം യൂണിറ്റിലും ആയി മുളയാണികളുടെ ഉൽപ്പാദനം നടന്നു വരുന്നു.<br><br>ഒരു സാമ്പത്തിക വർഷം ഏകദേശം എഴുപത് ലക്ഷം രൂപയുടെ മുളയാണി നാദാപുരം യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്നു. കരാർ അടിസ്ഥാനത്തിൽ ദിവസ വേതന വ്യവസ്ഥയിൽ പത്തോളം തൊഴിലാളികളും ഒരു സൂപ്പർവൈസറും ജോലി ചെയ്യുന്നു. ഈ യൂണിറ്റ് ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. 70 ലക്ഷം രൂപയുടെ വിറ്റുവരവിൽ ഏകദേശം 30 ലക്ഷം രൂപ ലാഭമാണ്. പഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രമെ വിൽപ്പന തുക ലഭിക്കുകയുള്ളൂ എന്നതിനാൽ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും അസംസ്കൃത വസ്തുവായ മുള വാങ്ങുന്നതിനും സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. എന്നിരുന്നാലും തൊഴിലാളി കൾക്ക് അധിക കാലതാമസമില്ലാതെ വേതനം നൽകുന്നുണ്ട്. കയർ കോർപ്പറേഷൻ, കയർ ഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനും വിൽപ്പന തുക സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വ്യവസായ സംരംഭം പുനരുജ്ജീവിപ്പിക്കാനായുള്ള നടപടികൾ ബാംബൂ കോർപ്പറേഷന്റെ പരിഗണയിലുണ്ടോ; വിശദമാക്കുമോ? | (ബി) | പ്രസ്തുത വ്യവസായ സംരംഭം പുനരുജ്ജീവിപ്പിക്കാനായുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ